**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : **216**

**28.05.2019 ൽ**
**മറുപടിയ്ക്ക്**

## <u>കുന്ദമംഗലം കോടതിയ്ക്ക് പുതിയ കെട്ടിടം</u>

<u>ചോദ്യം</u>

ശ്രീ. പി.ടി.എ.റഹീം

(എ) കുന്ദമംഗലം കോടതിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) നൂറ് വർഷത്തിലധികം പഴക്കമുള്ള കോടതിയും പോലീസ് സ്റ്റേഷനും ഉൾപ്പെട്ട കെട്ടിടം നിലനിർത്തി ബാക്കിയുള്ള ഭൂമിയിലാണോ പുതിയ കെട്ടിടം നിർമ്മിക്കുന്നത്;

(സി) എങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ?

<u>മറുപടി</u>

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) യും (ബി) യും (സി) യും നിലവിലുള്ള കുന്ദമംഗലം കോടതി കെട്ടിടം അതിന്റെ പൈതൃക സ്വഭാവം നിലനിറുത്തി കൊണ്ട് പുതുക്കി പണിയുന്നതിന് 100 ലക്ഷം (ഒരു കോടി) രൂപയുടെ എസ്റ്റിമേറ്റ് പ്രൊപ്പോസൽ ഹൈക്കോടതി രജിസ്ട്രാർ സർക്കാരിന് നൽകിയിട്ടുണ്ട്. കുന്ദമംഗലം കോടതിയുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന പോലീസ് സ്റ്റേഷൻ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റേണ്ടതായിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ